വൈൻ ഉണ്ടാക്കാൻ കടുവാ എല്ല്?

ശാസ്ത്രലോകം

കോന്നിയൂർ നരേന്ദ്രനാഥ്

വർഗ്ഗനാശ ഭീഷണി നേരിടുന്ന ജന്തുക്കളെ ആ അത്യാഹിതത്തിൽ നിന്നു കരകേറ്റാൻ, പ്രകൃതി പ്രേമികളും ജീവകാരുണ്യപ്രിയരും പല പദ്ധതികളും ഇന്ന് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. സാധാരണ ജനങ്ങളിൽ, അന്യം നിന്നേക്കാവുന്ന ജീവജാലങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധം വളർത്താനാണ് ഏറ്റവും കൂടുതലാളുകൾ ശ്രമിക്കുന്നത്. പരിസ്ഥിതി പരിപാലനമാണ് ഇവിടെ പ്രാധാന്യം. അതുകൊണ്ടുതന്നെ ഭീഷണി നേരിടുന്ന നിരവധി ജീവജാതികളെ പ്രയാസം കൂടാതെ പരിപാലിക്കാൻ പറ്റും. സർക്കാർ തലത്തിൽ ഇതിനാവശ്യമായ സാഹചര്യം വർദ്ധിപ്പിക്കുന്നത് നിയമനിർമ്മാണവും കർശനമായി അവയുടെ നടപ്പാക്കലും മാത്രമല്ല അത്യാഹിത ഭീഷണി നേരിടുന്ന ജന്തുക്കളുടെ വിഭവങ്ങൾ കച്ചവടം ചെയ്യുന്നത് നിരോധിക്കലും ആണ്. വന്യജന്തുക്കളെ സംബന്ധിച്ചിടത്തോളം കള്ളവേട്ടയാണ് ഏറ്റവും കഠിനമായ കാര്യം. വന്യമൃഗസങ്കേതങ്ങളിൽ സംരക്ഷിക്കുന്നതിന് ചെയ്യുന്ന സർക്കാരിന്റെ ഏർപ്പാടുകളെയൊക്കെ പരാജയപ്പെടുത്തുന്നത് കള്ളവേട്ടക്കാരും കള്ളക്കച്ചവടക്കാരുമാണ്.

ഭാരതത്തിന്റെ അഭിമാനമായ കടുവയെ സംരക്ഷിക്കാൻ, 1972 മുതൽ "പ്രോജക്ട് ടൈഗർ" --കടുവ, സംരക്ഷണ പദ്ധതി നടപ്പിലാക്കിത്തുടങ്ങി. അതിനായി ഇന്ത്യയുടെ നാനാഭാഗങ്ങളിലുള്ള വന്യമൃഗസംരക്ഷണ മേഖലകളിൽ പലതും കടുവ സംരക്ഷണ സങ്കേതങ്ങൾകൂടി ആക്കിത്തീർത്തിരിക്കുന്നു. ഈ പദ്ധതിക്ക് ലോകവന്യമൃഗ സംരക്ഷണനിധി (ഡബ്ല്യു.ഡബ്ല്യു.എഫ്.) 600,000 പവൻ സംഭാവന ചെയ്തിട്ടുമുണ്ട്.

കേരളത്തിന് ലോകമെങ്ങും പ്രശസ്തി നേടിക്കൊടുക്കുന്ന പെരിയാർ വന്യമൃഗസങ്കേതവും കടുവ സംരക്ഷണ മേഖലയാണെന്ന കാര്യം എടുത്തുപറയേണ്ടതില്ല. പെരിയാർ നദി ബന്ധനം 1895 ൽ സാധിച്ചത് വഴി സൃഷ്ടിച്ച കൃത്രിമ തടാകത്തിനുചുറ്റുമുള്ള ഈ മേഖലയിൽ കടുവയെ മാത്രമല്ല മറ്റ് വന്യജന്തുജാതികളെയും നേരിട്ടുനിരീക്ഷിക്കാനുള്ള സൗകര്യമുണ്ട്. പക്ഷേ, കടുവയെ കണ്ടെത്തുന്നതു സാധാരണമല്ലാതായിരിക്കുന്നു. അതിന് ഏറ്റവും പറ്റിയ ഒരു സ്ഥലമാണ് രാജസ്ഥാനിലെ രണ്ധംബൈർ (Ranthambore) വന്യമൃഗസംരക്ഷണ സങ്കേതം. അതിനുള്ള പ്രത്യേകതകൾ പലതാണ്.

1301-ൽ അല്ലാവുദ്ദീൻ ഖിൽജി, അന്നത്തെ രണ്ധംബൈർ രാജാവായിരുന്ന ഹമീർ രാജാവിനെ തോല്പിച്ച്, ആ പ്രദേശങ്ങൾ കീഴടക്കി. ഈ ആക്രമണത്തെക്കുറിച്ചും അതിനുശേഷമുണ്ടായ സംഭവ പരമ്പരകളെക്കുറിച്ചും ചരിത്രത്തിൽ ധാരാളം വർണ്ണിച്ചിട്ടുണ്ട്. രജപുത്രരാജാക്കന്മാർ അവിടെ വീണ്ടും അധികാരം സ്ഥാപിച്ച് സ്വതന്ത്രരായിത്തീർന്നു. മുകില ചക്രവർത്തിയായ അക്ബർ 1569-ൽ ആക്രമിച്ച്. നാല്പതു ദിവസത്തോളം നീണ്ടുനിന്ന യുദ്ധം നടത്തിയാണ്, സാമ്രാജ്യത്തിന്റെ ഭാഗമാക്കിയത്. അബുൾ ഫാസലിന്റെ "അക്ബർ നാമാ"യിൽ ഇത് സംബന്ധിച്ച വർണ്ണനകൾ, മിനിയേച്ചർ ചിത്രങ്ങളായും ചേർത്തിട്ടുള്ളത് സ്മരണീയമാണ്. മുകിലന്മാരിൽ നിന്നാണ് അവിടം ജയ്പ്പൂരിന്റെ ഭാഗമാക്കിത്തീർത്തത്. ആ നിലയിൽ 1949-ൽ രാജസ്ഥാൻ രൂപം കൊണ്ടതുവരെ തുടരുകയുമുണ്ടായി.

ഏതാണ്ട് 155 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ളതാണ് രണ്ധംബൈർ വന്യമൃഗസംരക്ഷ സങ്കേതം. 1972-ൽ അവിടം കടുവ സംരക്ഷണ സങ്കേതമാക്കുമ്പോൾ ഇന്ത്യയിലാകെ 1827 കടുവകളുണ്ടായിരുന്നെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ സങ്കേതത്തിൽ അന്നുണ്ടായിരുന്നത് പതിനാലെണ്ണം മാത്രവും! ഇന്ന് ഈ വന്യമൃഗസംരക്ഷണ സങ്കേതത്തിന്റെ വിസ്തൃതി 410 ച.കി.മി. ആണ്. 1986-ലെ കണക്കെടുപ്പുപ്രകാരം അവിടെ അന്ന് നാല്പതോളം കടുവകളാണുണ്ടായിരുന്നത്!

ഒരുകാലത്ത് മൃഗയാ വിനോദത്തിന്റെ ഇരയായിട്ടാണ് ഇന്ത്യയിലെ കടുവകൾ നശിച്ചുകൊണ്ടിരുന്നത്. ഇന്നേതായാലും ആ ക്രൂരവിനോദം സാധാരണമല്ല. രണ്ധംബൈരിൽ തന്നെ, എലിസബത്ത് II രാജ്ഞിയും ഭർത്താവ് എഡിൻ ബറോ പ്രഭുവും 1961-ൽ വേട്ട നടത്തിയിട്ടുണ്ട്. ഇന്ന് അവിടെ കള്ളവേട്ടയാണ് കൂടുതൽ. സാധാരണമായി വിശ്വസിച്ചിരുന്നത്, കടുവ പകൽ സമയത്ത് ഇര തേടിയിറങ്ങാറില്ലെന്നാണ്. എന്നാൽ ഈ സങ്കേതത്തിൽ പകൽ വേളകളിൽ കടുവകൾ പുറത്തിറങ്ങി കാര്യങ്ങൾ നിർവ്വഹിക്കുന്നത് സാധാരണം തന്നെ. പകൽ സമയത്ത് ആക്രമണശങ്ക കൂടാതെ പടമെടുക്കാനും അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും ഇവിടെ പ്രയാസമില്ല. ഒറ്റപ്പെട്ടാണ് കടുവയുടെ ജീവിതമെന്നു പൊതുവെയുള്ള വിശ്വാസത്തിനും ഇവിടെയുള്ളവയുടെ പെരുമാറ്റം അപവാദമാണ്. അച്ഛനമ്മയും കുട്ടികളുമൊത്തു കുടുംബമായി കഴിയുന്ന കടുവകളുടെ ഉദാഹരണങ്ങൾ കുറവല്ല താനും. കുട്ടികളെ സംരക്ഷിക്കാനല്ലാതെ കൊന്നു തിന്നാൻ തുനിയാത്ത ആൺജാതികളെ അവിടെ ധാരാളം നിരീക്ഷിച്ചിട്ടുണ്ടെന്നാണ് അറിവ്.

ഇന്ന് കടുവയുടെ തോലിനേക്കാൾ പ്രിയമേറിയ വിഭവം, അതിന്റെ അസ്ഥിയാണ്. അതാണത്രേ ഏറ്റവും വിലപിടിപ്പുള്ള കച്ചവട വസ്തു! ഡൽഹിയിൽ നിന്ന് കഷ്ടിച്ച് ഇരുനൂറുകിലോമീറ്റർ മാത്രം അകലെയുള്ള ഈ സങ്കേതത്തിൽ നിന്ന് ഈ വിഭവം വിറ്റഴിക്കാൻ യാതൊരു വിഷമമില്ലെന്നാണറിവ്. അഖില ലോകാടിസ്ഥാനത്തിൽ കടുവയുടെയുല്പന്നങ്ങളെല്ലാം വില്പനച്ചരക്കാക്കുന്നത് വർഗ്ഗനാശം നേരിടുന്ന ജന്തുക്കളുടെ സംരക്ഷണാർത്ഥം അംഗീകരിച്ചിട്ടുള്ള പ്രമേയത്തിലൂടെ നിരോധിച്ചിട്ടുള്ളതാണ്. കടുവയെല്ല്, പൊടിച്ചു കലക്കി ഒരുതരം പാനീയമാക്കുന്ന ഏർപ്പാട് ചൈനയിലുണ്ട്. ഇത് ഒരൊന്നാന്തരം ടോണിക്കാണെന്നത്രേ പലരുടെയും വിശ്വാസം. ചൈന കൂടാതെ തൈവാൻ, തെക്കൻ കൊറിയ എന്നിവിടങ്ങളിലും ഇതിന് നല്ല പ്രചാരമുണ്ട്. ഒരു വിദഗ്ദ്ധന്റെ അഭിപ്രായ പ്രകാരം ഒരു കിലോ എല്ലുപൊടികൊണ്ട് അൻപതു കുപ്പി "ടൈഗർ ബോൺ വൈനു"ല്പാദിപ്പിക്കാം! കുറച്ചുകാലം മുമ്പുവരെ കടുവയുടെ ഒരു ഉപജാതി ചൈനയിലുണ്ടായിരുന്നു. ഇന്ന് അത് ഏതാണ്ട് അന്യം നിന്നു കഴിഞ്ഞു. അതുകൊണ്ട് മറ്റുപ്രദേശങ്ങളിലേക്ക് ടൈഗർ ബോൺ വൈനുല്പാദകർ തിരിഞ്ഞിരിക്കുകയാണ്.

ഇന്ത്യയിൽ ഈ "പാനീയം" ഉണ്ടാക്കുന്നുണ്ടോയെന്നറിവില്ല. തോലിനും എല്ലിനുമൊക്കെ ഇങ്ങനെ പ്രിയം വർദ്ധിച്ചാൽ, ആ വ്യാപാരത്തിൽ ആളുകൾ ഒളിച്ച് ഏർപ്പെട്ടാൽ, ഇവിടത്തെ കടുവയും ഇല്ലാതാകുമെന്നു തീർച്ച. ഈ അത്യാഹിതമുണ്ടാകാതെ സൂക്ഷിക്കാൻ ജനങ്ങൾ മനപൂർവ്വം ശ്രദ്ധിക്കേണ്ടതും ശ്രമിക്കേണ്ടതുമാണെന്ന് എടുത്തുപറയേണ്ടയാവശ്യമില്ല. ഇന്ത്യൻ കടുവയെ (panthera tigris tigris) രക്ഷിക്കുന്നത് ലക്ഷ്യമാക്കി ഇന്ത്യയിലിന്ന് പതിനാലോളം സംരക്ഷിത മേഖലകളുണ്ടെങ്കിലും ജനങ്ങൾ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തിയില്ലെങ്കിൽ, കാര്യമായ വിജയം നേടാനാവുന്നതല്ല.

KK- April 7, 93